(ഇ) കെ.എസ്.ആർ.ടി.സി.യിൽ എ.ഡി.ഇ.മാരായി നേരിട്ട് നിയമിക്ക പ്പെട്ടവർക്ക് സമയബന്ധിത ഹയർഗ്രേഡ് പ്രൊമോഷൻ പൂർവകാല പ്രാബല്യ ത്തോടെ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1990-ൽ ശമ്പള പരിഷ്കരണ കരാറിൽ അസി. ഡിപ്പോ എൻജി നീയർ തസ്തികയിൽ നേരിട്ട് നിയമനം ലഭിച്ചവർക്ക് പത്തുവർഷം വരെ പ്രൊമോഷൻ ലഭിച്ചില്ലെങ്കിൽ നോൺ-കേഡറായി പ്രൊമോഷൻ നൽകാൻ വ്യവസ്ഥയുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. യിൽ ഗ്രേഡ് പ്രൊമോഷനുകൾ നൽകു ന്നത് അംഗീകൃത യൂണിയനുമായി ചർച്ച ചെയ്ത് അംഗീകരിച്ച കരാറിൻപ്ര കാരമാണ്.

(സി) ജീവനക്കാർക്ക് ശമ്പളക്കൂടുതൽ ലഭിക്കുന്നത് അവരവരുടെ സർവ്വീസ് ദൈർഘ്യം അനുസരിച്ചാണ്. നേരിട്ട് നിയമനം ലഭിക്കുന്ന എ.ഡി.ഇ. മാർക്കും സർവ്വീസ് ദൈർഘ്യം അനുസരിച്ച് ശമ്പള വർദ്ധന ഉണ്ടാകുന്നതാണ്.

(ഡി) സർവ്വീസ് ദൈർഘ്യം അനുസരിച്ചാണ് ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നത്. നേരിട്ട് നിയമനം ലഭിക്കുന്ന എ.ഡി.ഇ. മാർക്ക് ഫസ്റ്റ് ഗ്രേഡ് ഇൻസ്പെക്ടർമാരേക്കാൾ സർവ്വീസ് കുറവായിരിക്കും.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

90 (1539) കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ സമയ മാറ്റം

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ദീർഘദൂര സർവ്വീസുകളുടെ റണ്ണിംഗ് സമയം അടുത്ത കാലത്ത് പുനർനിർണ്ണയം നടത്തുകയുണ്ടായോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതുമൂലം കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന കളക്ഷനിൽ കുറവുണ്ടായോ;

(ഡി) യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ചും, കളക്ഷനിൽ വന്ന കുറവുമൂലവും ഏതെങ്കിലും ബസുകൾ പഴയ സമയത്തിലേയ്ക്ക് മാറ്റു കയുണ്ടായോ;

(ഇ) ഉണ്ടെങ്കിൽ എത്ര ബസുകൾ ഇപ്രകാരം പഴയ സമയത്തി ലേയ്ക്ക് മാറ്റുകയുണ്ടായി എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ടായി.

(ബി) കൂടുതൽ വരുമാനം ലഭിക്കുന്നതിനുവേണ്ടിയും വിവിധ യൂണി റ്റുകളിൽ നിന്നും ബസുകൾ ഒരേ റൂട്ടിൽ ഒരുമിച്ച് സർവ്വീസുകൾ നടത്തുന്നതു ഒഴിവാക്കുന്നതിനുവേണ്ടിയും 8.2.99-ലെ ഉത്തരവുപ്രകാരം എല്ലാ യൂണിറ്റുക ളിലേയും സൂപ്പർ ഡീലക്സ് ഇന്റർസിറ്റി എക്സ്പ്രസ് സൂപ്പർ എക്സ്പ്രസ്, സൂപ്പർഫാസ്റ്റ് എന്നീ ഉയർന്ന ക്ളാസുകളിലുള്ള സർവ്വീസുകളുടെ സമയ ക്രമം പരിഷ്കരിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവരം ശേഖരിച്ച് മറുപടി സമർപ്പിക്കുന്നതാണ്.

(ഡി) യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടെന്ന് ബോദ്ധ്യപ്പെട്ടതും വരുമാന ക്കുറവ് രേഖപ്പെടുത്തിയതുമായ ഏതാനും സർവ്വീസുകളുടെ സമയക്രമം വീണ്ടും പരിഷ്കരിക്കുകയുണ്ടായി.

(ഇ) വിവരം ശേഖരിച്ചു മറുപടി സമർപ്പിക്കുന്നതാണ്.

91 (1540) ഇൻസ്പെക്ഷൻ വിഭാഗം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വക ബസുകളിൽ ടിക്കറ്റ് എടുക്കാതെ ആളുകൾ യാത്ര ചെയ്യുന്നുവെന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(ബി) ഇപ്രകാരം യാത്ര ചെയ്തതുമൂലം പ്രതിവർഷം കെ.എസ്.ആർ. ടി.സി. ക്ക് എത്രമാത്രം വരുമാനചോർച്ചയുണ്ടാകുന്നു എന്ന കാര്യം കണക്കാ ക്കിയിട്ടുണ്ടോ; എങ്കിൽ എന്തു മാത്രം വരുമാനചോർച്ചയാണ് ഉണ്ടാകുന്നത്;

(സി) ടിക്കറ്റ് ഇല്ലാതെ യാത്ര ചെയ്യുന്നവരെ കണ്ടെത്തി നടപടികൾ കൈക്കൊള്ളുവാൻ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെ ങ്കിൽ ഇതിനുള്ള നടപടികൾ കൈക്കൊള്ളുമോ;

(ഡി) കെ.എസ്.ആർ.ടി.സി.യുടെ ചെക്കിംഗ് ഇൻസ്പെക്ഷൻ വിഭാഗം കാര്യക്ഷമമാക്കാൻ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കണക്കാക്കിയിട്ടില്ല.

(സി) ടിക്കറ്റില്ലാത്ത യാത്രക്കാരെ കണ്ടെത്തി നടപടി സ്വീകരിക്കുവാ നുള്ള സംവിധാനം നിലവിലുണ്ട്.

(ഡി) ഇൻസ്പെക്ഷൻ വിഭാഗം കാര്യക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

92 (1541) ദേശസാൽക്കരണം നടത്തുന്ന റൂട്ടുകൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സംസ്ഥാനത്തെ ഏതൊക്കെ റൂട്ടുകളാണ് ദേശ സാൽക്കരണം നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ റൂട്ടുകൾ ദേശസാൽക്കരണം നടത്തുന്നതോടെ എത്ര സർവ്വീസുകൾ നടത്തേണ്ടിവരുമെന്നും അതിന് എത്ര ബസുകൾ വാങ്ങേണ്ടി വരുമെന്നും കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. യെ നവീകരിക്കാനുള്ള എന്തെങ്കിലും പദ്ധതിയുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly